Malayalam

# വിദേശ തൊഴിലാളി വഴികാട്ടി

Version 2.0 - January 2010

## വിദേശ തൊഴിലാളികൾക്കു നൽകുന്ന സേവനങ്ങൾ

തൊഴിൽ വിസ നൽകുക, തൊഴിൽ വിസാകൾ പുതുക്കുക, ഒരു തൊഴിൽ ദാതാവിൽ നിന്നും മറ്റൊരാളിലേക്ക് ജോലി മാറുവാൻ സഹായങ്ങൾ നൽകുക.

തൊഴിലാളിക്കും അവരുടെ കുടുംബാംഗങ്ങൾക്കും റസിഡന്റ് പെർമിറ്റ്, എൻട്രി, റി-എൻട്രി വിസാകൾ, സി പി ആർ തുടങ്ങിയ രേഖകൾ ലഭിക്കുവാൻ ബന്ധപ്പെട്ട വ്യക്തികളുമായി ഏകോപിപ്പിച്ചു കാര്യങ്ങൾ സുഖമാക്കുക.

മെഡിക്കൽ പരിശോധന നടത്തുവാനായി തീയതി നിശ്ചയിക്കുക.

പൂർണ്ണ ആരോഗ്യവും പകർച്ചവ്യാധികൾ ഇല്ല എന്നു തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടികൾ ആരോഗ്യമന്ത്രാലയവുമായി ഏകോപിച്ചു നടത്തുക.

## സുപ്രധാന നിർദ്ദേശങ്ങൾ

### ബഹറൈനിലേക്കു വരുന്നതിനു മുൻപ്;

1. തൊഴിൽ വിസായുടെ ലഭ്യത LMRA വെബ്സെറ്റിൽ നിർദിഷ്ട ഭാഗത്തു നിങ്ങളുടെ തൊഴിൽ വിസായുടെ ഐഡി ഉപയോഗിച്ചു പരിശോധിക്കുക (ചിത്രം 1)




(ചിത്രം 1)

2. നിങ്ങളുടെ കൈവശം താഴെ പറയുന്ന രേഖകൾ ഉണ്ടെന്നു ഉറപ്പുവരുത്തുക
   - നിങ്ങളുടെ യഥാർത്ഥ പാസ്പോർട്ട്
   - LMRA നൽകിയ  തൊഴിൽ വിസായുടെ പകർപ്പ്
   - തൊഴിൽകരാറിന്റെ ഒരു പകർപ്പ്
   - വിവാഹരേഖ അല്ലെങ്കിൽ വിവാഹ കരാർ(ഫാമിലി വിസ ലഭ്യമാകുവാൻ)
   - ഡ്രൈവിംങ്ങ് ലൈസൻസ്
   - വിദ്യാഭ്യാസ യോഗ്യതയും തൊഴിൽ പരിചയവും കാണിക്കുവാനുള്ള രേഖകൾ
3. ബഹ്റൈനിലേക്ക് യാത്ര ചെയ്യുന്നതിനു മുമ്പായി താങ്കൾ സ്വദേശത്ത് ആരോഗ്യ പരിശോധന നടത്തേണ്ടതാണ്.
   അംഗീകൃത ആരോഗ്യ സ്ഥാപനങ്ങളെക്കുറിച്ചറിയാൻ സന്ദർശിക്കുക
   http:// clinics lmra.bh

### ബഹ്റൈനിലേക്കു വന്നതിനു ശേഷം നിങ്ങൾചെയ്യേണ്ട കാര്യങ്ങൾ

എയർപോർട്ടിലുള്ള LMRA ഓഫീസിൽ നിങ്ങളുടെ  പാസ്സപോർട്ടും,  വിസായും കാണിക്കുക. LMRA  ഉദ്യോഗസ്ഥർ  നിങ്ങളുടെ ഐഡി കാർഡും റസിഡന്റ് പെർമിറ്റും ലഭ്യമാക്കുവാനും, ആരോഗ്യപരിശോധനകൾ നടത്തുവാനുമുള്ള തീയതിയും ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ചു നൽകുന്നതാണ്. ഉദ്യോഗസ്ഥരുടെ പക്കൽ നിങ്ങളുടെ വിരലടയാളവും, ഫോട്ടോയും, ഈ സിഗനേച്ചറും നൽകുക. (ചിത്രം2) നിങ്ങൾ ബഹ്റൈനിലേക്കു വരുന്ന ദിവസം തന്നെ മേൽ പറഞ്ഞ രേഖകൾ നൽകാൻ സാധിച്ചില്ലെങ്കിൽ വന്നു ഒരു മാസത്തിനുള്ളിൽ തന്നെ LMRA ഓഫീസ് സന്ദർശിക്കേണ്ടതാണ്.



(ചിത്രം 2)

**നിങ്ങൾ ശ്രദ്ധിക്കേണ്ട സുപ്രധാന കാര്യം: നിങ്ങളുടെ കുടുംബാംഗങ്ങളെ കൊണ്ടുവരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ അവർക്കു നിങ്ങളോടൊപ്പം വരികയോ, നിങ്ങൾ വന്നു കഴിഞ്ഞു വരികയൊചെയ്യാം, പക്ഷേ നിങ്ങൾ വരുന്നതിനു മുമ്പ് അവർക്കു ബഹ്റൈനിലേക്കു വരുവാൻ സാധിക്കുകയില്ല. ഓരോ കുടുംബാംഗങ്ങൾക്കും പ്രത്യേകം പാസ്പോർട്ട് ഉണ്ടാകേണ്ടതാണ്.**

### ബഹ്റൈനിലേക്കു വന്നതിനുശേഷം നിങ്ങൾ ശ്രദ്ധിക്കേണ്ട സുപ്രധാന കാര്യങ്ങൾ

നിങ്ങളുടെ നിയമപരമായ താമസവും തൊഴിലും ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

നിങ്ങളുടെ തൊഴിൽ കരാറിലുള്ള നിശ്ചിത സ്ഥലത്തുമാത്രം ജോലിചെയ്യുക.
നിങ്ങളുടെ തൊഴിൽ വിസായിൽ നിർദ്ദേശിച്ചിട്ടുള്ള സ്പോൺസറുടെ കീഴിൽ മാത്രം ജോലിനോക്കുക.

LMRA ഉദ്യോഗസ്ഥരുമായും പരിശോധകരുമായും സഹകരിക്കുക
പാസ്പോർട്ട് എല്ലായ്പോഴും കൈവശം വയ്ക്കുക, അതു മറ്റാർക്കും കൈമാറരുത്. നിങ്ങളുടെ സമ്മതപ്രകാരം മാത്രം നിങ്ങളുടെ പാസ്പോർട്ട് തൊഴിൽ ദാതാവിനു കൈമാറുക അല്ലാത്തപക്ഷം അതു നിങ്ങളുടെ പക്കൽ തന്നെ സൂക്ഷിക്കുക.
തൊഴിൽ കരാറിൽ പറഞ്ഞിരിക്കുന്ന പ്രകാരം ജോലികൾ നിർവ്വഹിക്കുക
നിങ്ങൾക്കു തൊഴിൽ വിസ ലഭിക്കുവാനോ തൊഴിൽ ദാതാവിനെ മാറുവാനോ പണം കൊടുക്കരുത്.
ബഹ്റൈനിലെ നിയമങ്ങൾ പാലിക്കുക. ബഹ്റൈനിലെ ജനങ്ങളുടെ ജീവിതമൂല്യങ്ങൾ ആദരിക്കുക.
തൊഴിൽ ദാതാവിന്റെ അനുവാദമില്ലാതെ 15 ദിവസത്തിൽ കൂടുതൽ ജോലിയിൽ നിന്നും വിട്ടു നിൽക്കരുത്.
നിങ്ങളുടെ തൊഴിൽ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും തൊഴിൽ മന്ത്രാലയവുമായി ബന്ധപ്പെടാം. (ഫോൺ: 1787 3777)
LMRA  യുടെ തൊഴിൽ വിസ ഇല്ലാതെയോ പുതുക്കാതെയോ ജോലിചെയ്യാൻ പാടില്ല.

കൂടുതൽ വിവരങ്ങൾക്കു കോൾ സെന്ററുമായി ബന്ധപ്പെടുക അല്ലെങ്കിൽ LMRA വെബ്സെറ്റ് പരിശോധിക്കുക.www.lmra.bh
നിങ്ങളുടെ വിസയുടെ കാര്യങ്ങൾ അറിയുവാൻ നിങ്ങളുടെ മൊബൈൽ സർവ്വീസ് ഉപയോഗിക്കാവുന്നതാണ്. അതിനായി ആദ്യം സി.പി.ആർ. എന്നു ടൈപ് ചെയ്യുക, പിന്നെ നിങ്ങളുടെ സി.പി.ആർ നമ്പർ ടൈപ് ചെയ്യുക നിങ്ങൾ Batelco ഉപഭോക്താവാണെങ്കിൽ 90168 ലേക്കും Zain ഉപഭോക്താവാണെങ്കിൽ 77070 ലേക്കു മെസ്സേജ് അയയ്ക്കാം.

## എക്സ്പാറ്റ് പോർട്ടൽ

നിങ്ങളുടെ വിസയുടെ സ്ഥിതി അറിയുവാൻ എക്സ്പാറ്റ് പോർട്ടൽ (ചിത്രം -3) ഉപയോഗിക്കാവുന്നതാണ്.
നിങ്ങളുടെ സി.പി.ആർ. നമ്പർ ഉപയോഗിച്ച എക്സ്പാറ്റ് പോർട്ടലിൽ നിങ്ങളുടെ പാസ്പോർട്ടിന്റെ വിശദാംശങ്ങൾ പരിശോദിക്കാവുന്നതാണ്.

http://expat.lmra.bh




(ചിത്രം 3)

## ഒരു തൊഴിൽ ദാതാവിൽ നിന്നും മറ്റൊരാളിലേക്കു മാറുവാനുള്ള നിയമങ്ങൾ

തൊഴിൽ നിയമങ്ങൾ അനുസരിച്ചും, തൊഴിൽ കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചും തൊഴിൽ ദാതാവിന്റെ അനുവാദമില്ലാതെ ഒരു വിദേശ തൊഴിലാളിക്കു ജോലിമാറാവുന്നതാണ്. (clause B of article 25 from decree no.19 for 2006)

### തൊഴിൽ കരാർ അവസാനിക്കുന്നതിനു മുമ്പ് തൊഴിൽ മാറുവാൻ

തൊഴിൽ കരാറിൽ പറഞ്ഞിരിക്കുന്ന കാലാവധി പ്രകാരമോ അല്ലെങ്കിൽ ബഹ്റൈനിലെ തൊഴിൽ നിയമപ്രകാരമോ 3 മാസത്തിൽ കവിയാതെ തൊഴിൽ കരാറിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് തൊഴിൽ ദാതാവിനു കത്ത് രജിസ്റ്റേർഡായി അക്നോളഡ്ജ്മെന്റോടുകൂടി അയക്കേണ്ടതാണ്.

### തൊഴിൽ വിസ അവസാനിക്കുകയോ തൊഴിൽ വിസ റദ്ദാക്കുകയോ ചെയ്താൽ

തൊഴിൽ വിസ അവസാനിക്കുകയോ തൊഴിൽ ദാതാവു ഏതെങ്കിലും കാരണത്താൽ  നിങ്ങളുടെ വിസ റദ്ദാക്കുകയോ ചെയ്താൽ തൊഴിൽ കരാറിന്റെ കാലാവധി തീരുന്നതിനു 30 ദിവസങ്ങൾ മുൻപോ അല്ലെങ്കിൽ വിസ റദ്ദുചെയ്യുന്നതിനു 5 ദിവസങ്ങൾക്കുള്ളിലോ ബന്ധപ്പെട്ടവരെ നിങ്ങൾ അറിയിക്കേണ്ടതാണ്. ഇങ്ങനെയുള്ള അവസരങ്ങളിൽ തൊഴിൽ മാറുവാൻ നിങ്ങൾക്കു 30 ദിവസം സമയം ലഭിക്കുന്നതാണ്. ഈ സമയത്തു നിങ്ങൾ മറ്റൊരിടത്തും ജോലിചെയ്യാൻ പാടില്ലാത്തതാണ്.

www.lmra.bh
Call Centre: 17 50 60 55

© 2010 Labour Market Regulatory Authority, Kingdom of Bahrain - All rights reserved